മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

തുല്യത -Rajiv Gandhi National Institute of Youth Development, Tamil Nadu അവാർഡ് ചെയ്ത Master of Science in Counselling Psychology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Psychology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1247/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.03.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Smt Geethu V.R., Vezhackattu (H), S.N. Puram PO, Pampady, Kottayam, 31.01.2019ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4)എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ (സൈക്കോളജി-പി.ജി), അഭിപ്രായം രേഖപ്പെടുത്തി 13.05.2019ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് ബിഹേവിയറൽ സയൻസസ് അഭിപ്രായം രേഖപ്പെടുത്തി 30.05.2019ൽ നൽകിയ കത്ത്.

6) 30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 140/Ac.D/01/36086/CR/2019 (31.12.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നം. 01/19.11/190797 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1) Rajiv Gandhi National Institute of Youth Development, Tamil Nadu അവാർഡ് ചെയ്ത Master of Science in Counselling Psychology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Psychology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) പരാമർശം (3) പ്രകാരം പ്രസ്തുത വിഷയത്തിൽ എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ (Psychology-പി.ജി.), ഡീൻ , ഫാക്കൽറ്റി ഓഫ് ബിഹേവിയറൽ സയൻസസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. തുല്യതാംഗീകാരത്തിനുള്ള മാനദണ്ഡങ്ങളായ പേപ്പറുകളുടെ എണ്ണത്തിലെ സമാനത, സിലബസുകളുടെ ഉള്ളടക്കങ്ങൾ തമ്മിലുള്ള 70 % സാമ്യം എന്നിവ പാലിക്കപ്പെടുന്നില്ലെന്നും അതിനാൽ തുല്യാതംഗീകാരം നൽകാനാവില്ലെന്നും എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ (Psychology-പി.ജി.) അഭിപ്രായപ്പെട്ടു

Draft #4 of File Ac.D/01/36086/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 16-Jan-2020 08:20 AM - Page 1

(പരാമർശം 4). കോഴ്സുകളുടെ ഉള്ളടക്കത്തിലും നിലവാരത്തിലും സ്വഭാവത്തിലും നല്ലതുപോലെ വ്യത്യാസം പുലർത്തുന്നു എന്നതിനാൽ തുല്യതാംഗീകാരം നൽകാനാവില്ലെന്ന അഭിപ്രായമാണ് ഡീൻ , ഫാക്കൽറ്റി ഓഫ് ബിഹേവിയറൽ സയൻസസ് നൽകിയത്. (പരാമർശം 5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം Rajiv Gandhi National Institute of Youth Development, Tamil Nadu അവാർഡ് ചെയ്ത Master of Science in Counselling Psychology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Psychology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി ഗീതു വി.ആർ.
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കൺടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യു.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #4 of File Ac.D/01/36086/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 16-Jan-2020 08:20 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം